(ഡി) കേസിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ഇ) സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന ചീഫ് എഞ്ചിനീയർമാരുടെ ആവശ്യം ഉൾക്കൊള്ളന്ന പൊതുമരാമത്ത് വകുപ്പിൽനിന്നും ജലവിഭവ വകുപ്പിൽനിന്നും ലഭിച്ച ഫയലുകളിൽ കേസന്വേഷണം ത്വരിതപ്പെടുത്തുവാൻ കൈക്കൊണ്ടതീരുമാനം രേഖപ്പെടുത്തി പ്രസ്തുത ഫയലുകൾ തിരികെ നൽകിയിട്ടുണ്ട്.

വനംവകുപ്പിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ

313 (324) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതൽ അസിസ്റ്റന്റ് കൺസർവേറ്റർവരെയുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ജില്ലാതല റിക്രൂട്ട്മെന്റ് നടത്തുന്ന തസ്തികകളിലെ ഒഴിവുകൾ ജില്ല തിരിച്ച വ്യക്തമാക്കുമോ ;

(സി) മേൽ തസ്തികകളിലെ ഒഴിവുകൾ എന്ന് മുതൽ നിലവിലുള്ളതാണെന്നും പ്രസ്തുത തസ്തികകളിൽ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	245
സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	21
ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ	-	2
റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ	-	25
അസിസ്റ്റന്റ് ഫോറസ്റ്റ് ഓഫീസർ	-	...

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനം വകുപ്പിൽ ജില്ലാതല റിക്രൂട്ട്മെന്റ് നടത്തുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	ബീറ്റ് ഫോറസ്റ്റ് ഓഫീസർ
തിരുവനന്തപുരം	12
കൊല്ലം	8
പത്തനംതിട്ട	17
കോട്ടയം	7
ഇടുക്കി	40
തൃശ്ശൂർ	14
എറണാകുളം	20
പാലക്കാട്	11
മലപ്പുറം	6
കോഴിക്കോട്	19
വയനാട്	75
കണ്ണൂർ	15
കാസർഗോഡ്	1
ആകെ	245

(സി) വനം വകുപ്പിൽ ജില്ലാതല റിക്രൂട്ട്മെന്റ് നടത്തുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിലവിൽ വന്ന തീയതിയുടെ വിവരം ചുവടെ ചേർക്കുന്നു :

ജില്ല	ഒഴിവുകളുടെ നിലവിൽ വന്ന തീയതി
(1)	(2)
തിരുവനന്തപുരം	1-3-2015 മുതൽ
കൊല്ലം	
പത്തനംതിട്ട	
കോട്ടയം	10-12-2014
ഇടുക്കി	2-2-2015

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
എറണാകുളം	18-1-2015 മുതൽ
തൃശ്ശൂർ	3-7-2015
പാലക്കാട്	10-10-2014
മലപ്പുറം	29-5-2015
കോഴിക്കോട്	1-4-2014
വയനാട്	
കണ്ണൂർ	
കാസർഗോഡ്	

ഒഴിവുള്ള പ്രസ്തുത ബീറ്റ് ഫോറസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റുകൾ നിലവിലില്ല.

വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി

314 (325) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ച് കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ ; ഇത്തരം ഭൂമി എത്ര കാലത്തിനകം ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) 1977-നു ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടോ ;

(സി) ഹൈക്കോടതി നിർദ്ദേശമനുസരിച്ച് ഇതിനകം എത്രപേർക്ക് ഒഴിപ്പിക്കൽ നോട്ടീസ് നൽകി ; ഇതിനകം എത്ര പേരെ ഒഴിപ്പിച്ചു ;

(ഡി) വനഭൂമി കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly